# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6520   09.07.2014 ൽ മറുപടിക്ക്**

## ഗുരുവായൂർ ചെന്നൈ എഗ്മൂർ എക്സ്പ്രസിന് അധിക കോച്ചുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | രാത്രി 9.10 ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ഗുരുവായൂർ ചെന്നൈ എഗ്മൂർ എക്സ്പ്രസിന് നിലവിൽ എത്ര സ്ലീപ്പർ, എ.സി ടൂടയർ, ത്രീടയർ കോച്ചുകൾ ആണ് ഉള്ളത്; | (എ) | ഈ ട്രെയിനിൽ നിലവിൽ നാല് സ്ലീപ്പർ കോച്ചുകളും, ഓരോ എ.സി ടൂടയർ ത്രീടയർ കോച്ചുകളും ഉണ്ട്. |
| (ബി) | ഗുരുവായൂർ അമ്പലദർശനത്തിന് തമിഴ്നാട്ടിൽ നിന്നും തെക്കൻ കേരളത്തിൽ നിന്നും എത്തുന്ന ഭക്തന്മാരും, മദ്ധ്യ കേരളത്തിൽ നിന്ന് തിരുവനന്തപുരം ആർ.സി.സി, ശ്രീ ചിത്ര തുടങ്ങിയ ആശുപത്രികളിൽ പോകുന്നതിനായി നിരവധി യാത്രക്കാരും ആശ്രയിക്കുന്ന പ്രസ്തുത ട്രെയിനിൽ ആഴ്ചകൾക്കു മുമ്പുതന്നെ സീറ്റ്/ബെർത്ത് റിസർവേഷനുകൾ വെയിറ്റിംഗ് ലിസ്റ്റ് ആകുന്നതു പരിഗണിച്ച് കൂടുതൽ സീറ്റ്/ബെർത്ത് സൗകര്യം ലഭിക്കുന്നതിനായി പ്രസ്തുത ട്രെയിനിൽ അഡീഷണൽ കോച്ചുകൾ അനുവദിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | നിലവിൽ ഗുരുവായൂരിൽ നിന്ന് മദ്രാസ് എഗ്മൂർ വരെ രണ്ട് ഗാർഡ് വാനുകളും നാല് സ്ലീപ്പർ കോച്ചുകളും, ഓരോ എ.സി ടൂടയർ ത്രീടയർ കോച്ചുകളും, നാല് II ചെയർ കാറുകളും മൂന്ന് ജനറൽ കോച്ചുകളും ഒരു പാൻട്രി കാറും ഉൾപ്പെടെ പതിനാറു കോച്ചുകളുമായി എത്തി അവിടെ നിന്ന് ആറ് ചെയർ കാറുകളും ഒരു ഗാർഡ് വാനും ഒരു ജനറൽ കോച്ചും കൂട്ടിച്ചേർത്ത്, മൊത്തം 24 കോച്ചുകളുമായി തൂത്തുക്കുടി വരെയാണ് ഈ ട്രെയിൻ ഓടുന്നത്. സാങ്കേതികമായ കാരണങ്ങൾ കൊണ്ട് ഒരു ട്രെയിനിന് അനുവദനീയമായ കോച്ചുകളുടെ എണ്ണത്തിന്റെ പരിധി 24 ആയതിനാൽ, പ്രസ്തുത ട്രെയിനിൽ അഡീഷണൽ കോച്ചുകൾ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട് എന്നാണ് റെയിൽവേയിൽ നിന്ന് അറിഞ്ഞിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ